**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1671** **28-07-2021 - ൽ മറുപടിയ്ക്ക്**

**തെരുവുകച്ചവടക്കാർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തെരുവുകച്ചവടക്കാരുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരം സർക്കാരിന്റെ പക്കൽ ലഭ്യമാണോ; വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്ത് കുടുംബശ്രീ നോഡൽ ഏജൻസിയായി നടപ്പിലാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷൻ പദ്ധതിയുടെ ഭാഗമായുംസ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്ലിഹുഡ് & റഗുലേഷൻസ് ഓഫ് സ്ട്രീറ്റ് വെൻഡിംഗ്) ആക്ട് 2014 ന്റെ അടിസ്ഥാനത്തിലും തെരുവ് കച്ചവടക്കാരുടെ സർവ്വേ 2015-16, 2016-17 കാലഘട്ടങ്ങളിൽ കേരളത്തിലെ 93 നഗരസഭകളിൽ പൂർത്തീകരിച്ചിട്ടുള്ളതും ടി നഗരസഭകളിൽ ആകെ 24643 തെരുവ് കച്ചവടക്കാർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുമുണ്ട്. ആയതിനുശേഷം പി.എം സ്വാനിധി പദ്ധതിയുടെ കീഴിൽ ലെറ്റർ ഓഫ് റെക്കമെൻറേഷൻ (LoR)പ്രകാരം 2563 തെരുവ് കച്ചവടക്കാരെ കൂടി കണ്ടെത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 11.05.2021-ലെ DO No.K/12020(4)/2/2020-PMS-V നമ്പർ കത്ത് പ്രകാരം 2011 സെൻസസ് അടിസ്ഥാനമാക്കിയുള്ള അർബൻ ജനസംഖ്യയുടെ അനുപാതം പരിഗണിച്ച് കേരളത്തിലെ നഗരപ്രദേശങ്ങളിൽ 1.20 ലക്ഷം തെരുവ് കച്ചവടക്കാർ ഉണ്ടായേക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. 29.06.2021-ലെ സ.ഉ.(സാധാ) നം.1226/2021/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നഗരസഭകളിലും അർബൻ അഗ്ലോമറേഷന്റെ ഭാഗമായി വരുന്ന പഞ്ചായത്തുകളിലും തെരുവ് കച്ചവടക്കാരുടെ സർവ്വേ നടത്തുന്നതിന് അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. |
| (ബി) | ഇത് നീതിആയോഗിന്റെ കണക്കിലുള്ള കേരളത്തിലെ തെരുവുകച്ചവടക്കാരുടെ എണ്ണവുമായി പൊരുത്തപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് കുടുംബശ്രീ നോഡൽ ഏജൻസിയായി നടപ്പിലാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷൻ പദ്ധതിയുടെ ഭാഗമായുംസ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്ലിഹുഡ് & |

| | | | |
|---|---|---|---|
| | | | റഗുലേഷൻസ് ഓഫ് സ്ട്രീറ്റ് വെൻഡിംഗ്) ആക്ട് 2014 ന്റെ അടിസ്ഥാനത്തിലും തെരുവ് കച്ചവടക്കാരുടെ സർവ്വേ 2015-16, 2016-17 കാലഘട്ടങ്ങളിൽ കേരളത്തിലെ 93 നഗരസഭകളിൽ പൂർത്തീകരിച്ചിട്ടുള്ളതും ടി നഗരസഭകളിൽ ആകെ 24643 തെരുവ് കച്ചവടക്കാർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുമുണ്ട്. ആയതിനുശേഷം പി.എം സ്വാനിധി പദ്ധതിയുടെ കീഴിൽ ലെറ്റർ ഓഫ് റെക്കമെൻറേഷൻ (LoR)പ്രകാരം 2563 തെരുവ് കച്ചവടക്കാരെ കൂടി കണ്ടെത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 11.05.2021-ലെ DO No.K/12020(4)/2/2020-PMS-V നമ്പർ കത്ത് പ്രകാരം 2011 സെൻസസ് അടിസ്ഥാനമാക്കിയുള്ള അർബൻ ജനസംഖ്യയുടെ അനുപാതം പരിഗണിച്ച് കേരളത്തിലെ നഗരപ്രദേശങ്ങളിൽ 1.20 ലക്ഷം തെരുവ് കച്ചവടക്കാർ ഉണ്ടായേക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. 29.06.2021-ലെ സ.ഉ.(സാധാ) നം.1226/2021/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നഗരസഭകളിലും അർബൻ അഗ്ലോമറേഷന്റെ ഭാഗമായി വരുന്ന പഞ്ചായത്തുകളിലും തെരുവ് കച്ചവടക്കാരുടെ സർവ്വേ നടത്തുന്നതിന് അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. |
| (സി) | സംസ്ഥാന സർക്കാരിന്റെ കണക്കിൽ തെരുവുകച്ചവടക്കാരുടെ എണ്ണം കുറഞ്ഞിരിക്കുന്നതിനാൽ കോവിഡ് പ്രതിസന്ധിയിൽ ഉഴലുന്ന അർഹതപ്പെട്ട നിരവധി തെരുവുകച്ചവടക്കാർക്ക് കേന്ദ്ര പദ്ധതികളിലെ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായുള്ള പരാതി പരിഹരിക്കുന്നതിന് ഇവരുടെ ശരിയായ എണ്ണം നിർണയിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് കുടുംബശ്രീ നോഡൽ ഏജൻസിയായി നടപ്പിലാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷൻ പദ്ധതിയുടെ ഭാഗമായുംസ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്ലിഹുഡ് & റഗുലേഷൻസ് ഓഫ് സ്ട്രീറ്റ് വെൻഡിംഗ്) ആക്ട് 2014 ന്റെ അടിസ്ഥാനത്തിലും തെരുവ് കച്ചവടക്കാരുടെ സർവ്വേ 2015-16, 2016-17 കാലഘട്ടങ്ങളിൽ കേരളത്തിലെ 93 നഗരസഭകളിൽ പൂർത്തീകരിച്ചിട്ടുള്ളതും ടി നഗരസഭകളിൽ ആകെ 24643 തെരുവ് കച്ചവടക്കാർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുമുണ്ട്. ആയതിനുശേഷം പി.എം സ്വാനിധി പദ്ധതിയുടെ കീഴിൽ ലെറ്റർ ഓഫ് റെക്കമെൻറേഷൻ (LoR)പ്രകാരം 2563 തെരുവ് കച്ചവടക്കാരെ കൂടി കണ്ടെത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 11.05.2021-ലെ DO No.K/12020(4)/2/2020-PMS-V നമ്പർ കത്ത് പ്രകാരം 2011 സെൻസസ് അടിസ്ഥാനമാക്കിയുള്ള അർബൻ ജനസംഖ്യയുടെ അനുപാതം പരിഗണിച്ച് കേരളത്തിലെ നഗരപ്രദേശങ്ങളിൽ 1.20 ലക്ഷം തെരുവ് കച്ചവടക്കാർ ഉണ്ടായേക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. 29.06.2021-ലെ സ.ഉ.(സാധാ) നം.1226/2021/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം |

| | | | |
|---|---|---|---|
| | | | നഗരസഭകളിലും അർബൻ അഗ്ലോമറേഷന്റെ ഭാഗമായി വരുന്ന പഞ്ചായത്തുകളിലും തെരുവ് കച്ചവടക്കാരുടെ സർവ്വേ നടത്തുന്നതിന് അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ